**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോതമംഗലം നഗരസഭാ പരിധിയിൽ 30- ാം വാർഡിൽ ശ്രീ . മാത്യു . പി . എം , പുത്തൻ ബംഗ്ലാവ് - ന്റെ ഉടമസ്ഥതയിൽ 30/752 എ മുതൽ 30/752 ബി 7 വരെ നമ്പറുകളുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കാനുള്ള പ്രാബല്യ തീയതി 09.05.2019 ആയി നിശ്ചയിക്കുന്നതിന് കോതമംഗലം നഗരസഭയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 644/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.03.2020

---

പരാമർശം:
1) ശ്രീ.മാത്യു.പി.എം, പുത്തൻ ബംഗ്ലാവ്, കോതമംഗലം 4.06.19 സമർപ്പിച്ച നിവേദനം.
2) കോതമംഗലം നഗരസഭ സെക്രട്ടറിയുടെ 12.07.2019 ലെ ആർ2-1717/19 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 29.01.2020 ലെ G2-361/2020 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോതമംഗലം നഗരസഭാ പരിധിയിൽ 30- ാം വാർഡിൽ ശ്രീ . മാത്യു . പി . എം , പുത്തൻ ബംഗ്ലാവ് - ന്റെ ഉടമസ്ഥതയിൽ ബിൽഡിംഗ് പെർമിറ്റ് നം.ബി. എ . 315/06-07 പ്രകാരം നിർമ്മാണം പൂർത്തിയാക്കി 30/752 എ മുതൽ 30/752 ബി 7 വരെ 16 നമ്പറുകളിലായി നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിട സമുച്ചയത്തിന്റെ കംപ്ലീഷൻ പ്ലാനിൽ നിർമ്മാണം പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുള്ള തീയതി 15.07.2017 ആണ്. 5.10.2017- ൽ ടി കെട്ടിട നിർമ്മാണത്തിന് ഒക്യുപ്പൻസി അനുവദിച്ച് ഉത്തരവ് നൽകിയിരുന്നെങ്കിലും നഗരസഭാ കൗൺസിൽ ടി ഉത്തരവ് നടപടികൾ റദ്ദാക്കിയതിനെ തുടർന്ന് കൗൺസിൽ നടപടികൾക്കെതിരെ ഉടമസ്ഥൻ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)33466/2017 നമ്പർ ഹർജി ഫയൽ ചെയ്ത് നടപടിയിലിരുന്നതിനാൽ ബിൽഡിംഗ് നമ്പർ നൽകി നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിന് കഴിഞ്ഞിരുന്നില്ല .

ബഹു. ഹൈക്കോടതി നിർമ്മാണം ക്രമവൽക്കരിച്ച് 1,50,000/- രൂപ ഫീസ് അടച്ച്, ഒക്യുപ്പൻസി അനുവദിക്കുന്നതിന് നിർദ്ദേശിച്ച് ഹർജി തീർപ്പാക്കിയതിനെ തുടർന്ന് ശ്രീ . മാത്യു . പി . എം . നിർദ്ദിഷ്ട ഫീസ് ഒടുക്കുകയും 9.05.2019- ൽ കംപ്ലീഷൻ തീയതി 15.07.2017 ആയി രേഖപ്പെടുത്തി ഒക്യുപ്പൻസി അനുവദിക്കുകയും ചെയ്തു. 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ റൂൾ 24 പ്രകാരം പുതിയ കെട്ടിടം പണി പൂർത്തിയാക്കുകയോ, താമസം ആരംഭിക്കുകയോ, കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ 9.05.2019-ൽ കംപ്ലീഷൻ തീയതി 15.07.2017 ആയി രേഖപ്പെടുത്തി ഒക്യുപ്പൻസി അനുവദിക്കുകയും, 15.07.2017 കംപ്ലീഷൻ തീയതിയായി

പരിഗണിച്ച് 2017-18 ഒന്നാം അർദ്ധവർഷം മുതൽക്കുള്ള പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തുകയും ചെയ്തതായി നഗരസഭ സെക്രട്ടറി പരാമർശം(2) പ്രകാരം അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരമാണ് നികുതി നിർണയം നടത്തിയിട്ടുള്ളത് എങ്കിലും രണ്ടു വർഷം മുൻപത്തെ തീയതി വച്ച് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതിലൂടെ കെട്ടിടം ഉപയോഗിക്കാതെ തന്നെ ഉടമസ്ഥൻ വസ്തുനികുതി അടയ്ക്കേണ്ടി വരുന്ന സാഹചര്യമുണ്ട്. മുൻ കാല പ്രാബല്യത്തോടെ നികുതി ഈടാക്കിയ നടപടി ഒഴിവാക്കണമെന്ന് പരാമർശം(1) പ്രകാരം അപേക്ഷകൻ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ ഭാഗത്തുള്ള വീഴ്ച കൊണ്ടല്ല ഒക്യുപ്പൻസി അനുവദിക്കുന്നതിന് കാലതാമസമുണ്ടായത് എന്നതിനാൽ മുൻ കാല പ്രാബല്യത്തോടെ നികുതി ഈടാക്കിയ നടപടി റദ്ദാക്കി കോതമംഗലം നഗരസഭാ പരിധിയിൽ 30- ാം വാർഡിൽ ശ്രീ . മാത്യു . പി . എം , പുത്തൻ ബംഗ്ലാവ് - ന്റെ ഉടമസ്ഥതയിൽ 30/752 എ മുതൽ 30/752 ബി 7 വരെ 16 നമ്പറുകളുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കാനുള്ള പ്രാബല്യ തീയതി ഒക്യുപ്പൻസി അനുവദിച്ച തീയതിയായ 09.05.2019 ആയി നിശ്ചയിക്കുവാൻ കോതമംഗലം നഗരസഭയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ . മാത്യു . പി . എം , പുത്തൻ ബംഗ്ലാവ്, കോതമംഗലം.
സെക്രട്ടറി, കോതമംഗലം നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ആർ.ബി)വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/109/2019/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ